സ്റ്റേഡിയംപണി.

* 685. [10] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ജില്ലകളിൽ സ്റ്റേഡിയങ്ങളുണ്ടു്;

(ബി) ഓരോ ജില്ലയിലും എത്ര സ്റ്റേഡിയമുണ്ടു്;

(സി) കോഴിക്കോട്ടെ സ്റ്റേഡിയത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു;

(ഡി) സ്റ്റേഡിയം നിർമ്മാണത്തിൽ ഗവണ്മെന്റിനു് എന്തെല്ലാം സഹായങ്ങളും നൽകുവാൻ കഴിയും ;

(ഈ) എന്തെങ്കിലും സഹായം ഇതുവരെ ഗവണ്മെന്റു് അതിനുവേണ്ടി ചെയ്തിട്ടുണ്ടോ ;

(എഫ്) സ്റ്റേഡിയം പണി പൂർത്തിയാക്കുവാൻ കടമായോ, ഗ്രാന്റായോ എന്തെങ്കിലും സംഖ്യ വേണമെന്നു ഗവണ്മെന്റിനോടു കോഴിക്കോട്ടെ കാർപ്പൊറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) കോഴിക്കോടു ജില്ലയിലെ സ്റ്റേഡിയത്തിന്റെ പണിവേഗം പൂർത്തിയാക്കുവാൻ ഗവണ്മെന്റു് എന്തു് സഹായമാണു് നൽകുവാൻ ഉദ്ദേശിക്കുന്നതു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി.പി. ഉമ്മർകോയ) :

(എ,ബി) തിരുവനന്തപുരം ജില്ലയിൽ മൂന്നും, കണ്ണൂർ ജില്ലയിൽ ഒന്നും സ്റ്റേഡിയങ്ങളുണ്ടു്. ഇവയിൽ തിരുവനന്തപുരത്തെ ഒരു സ്റ്റേഡിയവും കണ്ണൂർ ജില്ലയിൽ തലേശ്ശേരിയിലെ സ്റ്റേഡിയവും, സ്റ്റേഡിയംനിർമ്മാണത്തിനുള്ള ഫണ്ടിൽനിന്നും ധനസഹായം ചെയ്തു നിർമ്മിച്ചിട്ടുള്ളവയാണു്. ഇവയ്ക്കു പുറമെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു അവശ്യമായ സ്റ്റേഡിയങ്ങളുണ്ടു്.

(സി) 9.52 ഏക്കർ സ്ഥലം അക്വയർ ചെയ്തു ലവൽ ചെയ്തു ഗെയിംസ് നടത്തുവാൻ പറ്റിയ സ്ഥലമാക്കി കഴിഞ്ഞു. ഒരു ഗ്രൗണ്ടു് സ്റ്റാൻറു് പവിലിയൻ നിർമ്മിക്കുന്നതിനുള്ള നടപടികളും കോഴിക്കോടു് കോർപ്പൊറേഷൻ എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) ഒരു ജില്ലയിൽ ഒരു സ്റ്റേഡിയം എന്ന കണക്കിൽ സ്റ്റേഡിയം നിർമ്മാണത്തിനു ഒരു ലക്ഷം രൂപയിൽ കവിയാതെയുള്ള ധനസഹായം ഗവണ്മെന്റു ചെയ്തുവരുന്നു. കൂടാതെ സ്റ്റേഡിയം നിർമ്മാണത്തിനു യോജ്യമായ ഗവണ്മെന്റു ഭൂമിയുള്ള സ്ഥലങ്ങളിൽ ആവശ്യമായ ഭൂമി ഇതിനുവേണ്ടിവിട്ടുകൊടുക്കുന്നുണ്ടു്.

(ഈ) താഴെപറയുന്ന സംഖ്യ ഗ്രാന്റായി നൽകിക്കഴിഞ്ഞു :—

	രൂപ.
കണ്ണൂർ (തലശ്ശേരി സ്റ്റേഡിയത്തിനുവേണ്ടി)	78,500
കോഴിക്കോടു്	1,00,000
തൃശ്ശൂർ	75,000
എറണാകുളം	50,000
കോട്ടയം	25,000
കൊല്ലം	50,000
തിരുവനന്തപുരം	1,53,894

(തിരുവനന്തപുരം സ്റ്റേഡിയത്തിന്റെ മുഴുവൻചെലവും ഗവണ്മെന്റാണു് വഹിച്ചതു്)

(എഫ്, ജി) ഒരു ലക്ഷം രൂപ ഗ്രാന്റായി ഗവണ്മെന്റു നൽകിക്കഴിഞ്ഞു. അതിനുപുറമെ 90,088 രൂപ വായ്പയായി കോർപ്പൊറേഷൻ ഗവണ്മെന്റിനോടു് അപേക്ഷിച്ചിട്ടുണ്ടു്. അതു ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ : സ്റ്റേഡിയനിർമ്മാണത്തിനുവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും വല്ല ധനസഹായവും ലഭിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെയെല്ലാം ലഭിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്രഗവണ്മെൻറിൻറെ സ്കീം അനുസരിച്ച് 50,000 രൂപയിൽ കവിയാത്ത സ്റ്റേഡിയത്തിനു അതിൻറെ പകുതി (25,000) രൂപ)ധനസഹായം ചെയ്യുന്ന പദ്ധതിയാണുള്ളതു്. അതു് നമ്മുടെ സ്റ്റേഡിയങ്ങൾക്കു് പ്രയോജനകരമായ പദ്ധതിയല്ല. അതുകൊണ്ടു് കൂടുതൽ ധനസഹായം ചെയ്യണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനുള്ള ഒരു മറുപടി ഇതുവരെയും ലഭിച്ചിട്ടില്ല.

ശ്രീമതി എ. നഫീസത്തുബീവി: ഇവിടെ പായിച്ച ലിസ്റ്റിൽ സ്റ്റേഡിയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ പേരും അവയ്ക്കു് ധനസഹായം ചെയ്തിട്ടുള്ളതിൻറെ കണക്കും പറഞ്ഞിട്ടുണ്ടു്. ആലപ്പുഴ ഡിസ്ട്രിക്ടിൻറെ ഹെഡ്കാർട്ടേഴ്സായ ആലപ്പുഴയിൽ ഒരു സ്റ്റേഡിയം ഇല്ല. തിരുവനന്തപുരത്താണെങ്കിൽ ഗവണ്മെൻറിൻറെ പരിപൂർണ്ണ സഹായത്തോടുകൂടിയാണു് സ്റ്റേഡിയം നിർമ്മിച്ചിട്ടുള്ളതെന്നും പറയുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പിന്നോക്കനിലയെ കണക്കാക്കിയും, അവിടെ ഒരു സ്റ്റേഡിയം ഇല്ലെന്നുള്ള വസ്തുത പരിഗണിച്ചും ഗവണ്മെൻറു ധനസഹായം ചെയ്തു് അവിടെ ഒരു സ്റ്റേഡിയം പണിയുന്ന കാര്യം കണക്കിലെടുക്കുമോ ?

ശ്രീ. പി.പി. ഉമ്മർകോയ : സ്റ്റേഡിയം നിർമ്മാണ സ്കീം അനുസരിച്ചു് അതാതു് സ്ഥലത്തുള്ള ജനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മുൻകൈ എടുത്തു് പ്രവർത്തിക്കുകയും, അവർ കുറെ പണം പിരിച്ചെടുക്കുകയും, ചെയ്താൽ ഒരു തുക ഗവണ്മെൻറിൽ നിന്നും നൽകുന്നതാണു്. എന്നാൽ ആലപ്പുഴ ജില്ലയിൽ നിന്നും ഇതുവരെയായിട്ടും ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി ആരും മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടില്ല. എൻറെ ഓർമ്മ ശരിയാണെങ്കിൽ ഈ അടുത്ത സന്ദർഭത്തിൽ അവിടെയുള്ള ഏതാനും ജനപ്രതിനിധികളും, തദ്ദേശസ്വയംഭരണസ്ഥാപനവും സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി ഒരു ഫണ്ടുണ്ടാക്കാൻ ശ്രമിക്കുന്നതായും, സ്ഥലം എടുക്കാൻ ശ്രമിക്കുന്നതായും അറിയുന്നുണ്ടു്. ഗവണ്മെൻറു അവർക്കു് നൽകാവുന്ന മാക്സിമം ഗ്രാൻറു കൊടുക്കാൻ തയാറാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : ജില്ലാ തലസ്ഥാനങ്ങളൊഴിച്ചു് മറ്റു സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനു് വേണ്ടി ആളുകൾ മുന്നോട്ടു വന്നാൽ അവർക്കു് ധനസഹായം ചെയ്യുമോ ?

ശ്രീ. പി.പി. ഉമ്മർകോയ: ഇപ്പോൾ അതിനു പദ്ധതിയില്ല. കേന്ദ്രഗവണ്മെൻറിൽ നിന്നും ഇതിലേക്കു് കിട്ടുന്ന ധനസഹായം വളരെ കുറവാണു്. ചെറിയ പട്ടണങ്ങളിലും പ്രധാന ഗ്രാമങ്ങളിലും ചെറിയ സ്റ്റേഡിയം നിർമ്മിക്കുന്നതിനു സഹായധനം നൽകുന്ന ഒരു പദ്ധതി കേന്ദ്ര ഗവണ്മെൻറിനുണ്ടെന്നാണു അറിയുന്നതു്. അങ്ങനെയുള്ള ഒന്നു രണ്ടു വർക്കുകൾ കേന്ദ്രത്തിലേക്കു ശിപാർശ ചെയ്തിട്ടുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : തലശ്ശേരി സ്റ്റേഡിയത്തിൻറെ മേലന്വേഷണാദ്ധ്യക്ഷനാരാണെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അവിടെ ഇതിലേക്കുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. ആ കമ്മിറ്റിയുടെ ചെയർമാനാണു് അതിൻറെ മേലദ്ധ്യക്ഷനായിരിക്കുന്നതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ജില്ലാ തലസ്ഥാനങ്ങളിൽ സ്റ്റേഡിയം പൂർത്തിയാക്കുന്നതിനുള്ള നടപടികളും ഈ ഗവണ്മെൻറു എടുക്കുന്നുണ്ടെന്നു പറഞ്ഞു. എന്നാൽ കണ്ണൂർ ജില്ലയിലെ ജില്ലാതലസ്ഥാനത്തിൽ സ്റ്റേഡിയം പണിയുന്നതിനുള്ള വല്ല നടപടിയും ഗവണ്മെൻറിൽ നിന്നും എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : മുമ്പ് ഇവിടെ അധികാരത്തിലിരുന്ന ഗവണ്മെൻറിന്റെ കാലത്ത് തലശ്ശേരിയിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ചില നടപടികളെടുത്തു. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂരിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി ആവശ്യമുള്ള സ്ഥലം കൊടുത്തിട്ടുണ്ട്. എന്നാൽ അവിടെയുള്ള ജനങ്ങളം അതിനു് ആവശ്യമുള്ള ഫണ്ടു് പിരിച്ചുണ്ടാക്കണം. ഗവണ്മെൻറിനു ഈ ആവശ്യത്തിനു സാമ്പത്തിക സഹായം ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോപാലൻ : കണ്ണൂർ ജില്ലയിൽനിന്നുമാണു് ഇൻഡ്യയിലേയ്ക്കു ഏറ്റവും മികച്ച രണ്ടുമൂന്നു് ഫുട്ബാൾ താരങ്ങളുള്ളതു്. ഈ വസ്തുത പരിഗണിച്ചു് അവിടെയൊരു സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സഹായം ഗവണ്മെൻറിൽ നിന്നും ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: കണ്ണൂർ ജില്ലയിലുള്ള തലശ്ശേരിയിൽ ഒരു സ്റ്റേഡിയം നിർമ്മിച്ചുകഴിഞ്ഞു. കണ്ണൂരിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായസ്ഥലം ഗവണ്മെൻറിൽ നിന്നും കൊടുത്തിട്ടുണ്ടു്. അതിലേക്കാവശ്യമായ ഫണ്ടു് പിരിക്കുന്നതിനു് അവിടെയുള്ള ആരും തയാറായിട്ടില്ല. അതുകൊണ്ടാണു് അതിന്റെ പണി ആരംഭിക്കാൻ സാധിക്കാതിരിക്കുന്നതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ സ്റ്റേഡിയം പണിയുന്നതിനുള്ള പദ്ധതിയുണ്ടെന്നു പറഞ്ഞു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര സ്റ്റേഡിയം പണിതിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയൊരു സ്കീം ഉണ്ടെന്നു ഞാൻ പറഞ്ഞില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സ്റ്റേഡിയം നിർമ്മിക്കുന്നതിനും കേന്ദ്ര വിദ്യാഭ്യാസവകുപ്പു് ധനസഹായം നൽകുന്നുണ്ടു്. ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് അവരുടേതായ സ്റ്റേഡിയങ്ങളുണ്ടു്.

അഗ്രിക്കൾച്ചറൽ റിസർച്ചു് സെൻറർ.

* 686. [11] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കരമന നെടുംകാടിനു സമീപമുള്ള കീഴാറന്നൂരിൽ സ്ഥിതിചെയ്യുന്ന ഗവണ്മെൻറു് അഗ്രിക്കൾച്ചറൽ റിസർച്ചു് സെൻററിനുവേണ്ടി ഇതിനകം കീഴാറന്നൂരിൽ നിന്നു് എത്ര ഏക്കർ സ്ഥലം പൊന്നുംവിലയ്ക്കു് ഏറ്റെടുത്തിട്ടുണ്ടു് :

(ബി) റിസർച്ചു് സെൻററിന്റെ പരീക്ഷണഫലമായി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ഈ റിസർച്ചു് സെൻറർ തുടങ്ങിയതിനുശേഷം ഇന്നുവരെ ഗവണ്മെൻറിനു് എത്രത്തോളം രൂപ ചെലവായി എന്ന കാര്യം ദയവായി വെളിപ്പെടുത്തുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ) 6 ഏക്കർ 71 സെൻറു്.

(ബി) കേരളത്തിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നു് ഇവിടത്തെ പരീക്ഷണത്തിൽ നിന്നു തെളിഞ്ഞിട്ടുണ്ടു്.

(സി) പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില, കൃഷിക്കും മറ്റുമുള്ള ചെലവുകൾ, ശമ്പളം തുടങ്ങിയ തരത്തിൽ 1,95,881 രൂപ 88 നയാപൈസ ചെലവായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly